# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 26, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

## ഭക്ഷ്യ സംസ്ക്കരണ മേഖലയുടെ വ്യവസായ സാധ്യതകൾ

*181 ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്ക്കരണ മേഖലയുടെ വ്യവസായ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഭക്ഷ്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽ നിന്ന് പ്രത്യേക സാമ്പത്തിക സഹായത്തിനു സാധ്യതകൾ ഉണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചുവോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഭക്ഷ്യ-സംസ്ക്കരണ മേഖലകളിൽ ദീർഘവീക്ഷണത്തോടു കൂടി വ്യവസായ പദ്ധതികൾ തയ്യാറാക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ദുർബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ</u>

*182 ശ്രീ. പി. എ. മാധവൻ
,, വർക്കല കഹാർ
,, പാലോട് രവി
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുർബല വിഭാഗങ്ങൾക്കായി എന്തെല്ലാം ഭവനപദ്ധതികളാണ് കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത്തരം ഭവനപദ്ധതികളുടെ നടത്തിപ്പിനുള്ള തുക എങ്ങനെയാണ് സമാഹരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഇളവു ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഇലക്ട്രോണിക്ക് ബില്ലിംഗ് മീറ്ററുകൾ

*183 ശ്രീ. എൻ. എ നെല്ലിക്കുന്ന്
,, പി. കെ. ബഷീർ
,, കെ. എൻ. എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഞ്ചരിച്ച ദൂരത്തിന്റെയും ചാർജിന്റെയും പേരിൽ യാത്രക്കാരും ഓട്ടോറിക്ഷാ ഡ്രൈവർമാരും തമ്മിൽ തർക്കങ്ങളും സംഘർഷങ്ങളും ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതോടനുബന്ധിച്ച് പോലീസ് വകുപ്പിലും ഗതാഗത വകുപ്പിലും പരാതികൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ബില്ലിംഗ് സൗകര്യമുള്ള ഇലക്ട്രോണിക് മീറ്റർ ഓട്ടോറിക്ഷകളിൽ ഘടിപ്പിക്കുന്നതിനും ഇന്ധനച്ചെലവിന്റെയും ജീവിതച്ചെലവിന്റെയും അടിസ്ഥാനത്തിൽ ന്യായമായ നിരക്ക് നിശ്ചയിച്ചു നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

<u>നികുതി ചോര്‍ച്ച തടയുന്നതിനുള്ള സംവിധാനങ്ങള്‍</u>

*184 ശ്രീ. എ. എം. ആരിഫ്
,, എം. എ. ബേബി
,, എസ്. ശര്‍മ്മ
,, പി.റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ നികുതി പിരിവ് അതിന്റെ സാദ്ധ്യതകളുടെ അടിസ്ഥാനത്തില്‍ നടക്കുന്നുണ്ടോ;

(ബി) കൂടുതല്‍ ഊര്‍ജ്ജിതവും കാര്യക്ഷമവുമായ ശ്രമം നടത്തിയാല്‍ നികുതി വരുമാനം ഇനിയും വര്‍ദ്ധിപ്പിക്കുവാന്‍ സാധിക്കുമെന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ അതിനനുസൃതമായ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(ഡി) സാധനങ്ങളുടെ വിലയില്‍ ഉണ്ടായ വര്‍ദ്ധന കൂടി പരിഗണിച്ചാല്‍ യഥാര്‍ത്ഥത്തില്‍ നികുതി വരുമാനം മുന്‍വര്‍ഷത്തേതിനേക്കാള്‍ എത്ര ശതമാനം വര്‍ദ്ധിക്കേണ്ടതുണ്ടായിരുന്നു; അത് ഉണ്ടാകാതിരുന്നത് ഏതെല്ലാം കാരണങ്ങള്‍ കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) നികുതി ചോര്‍ച്ച തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>ഇ - സര്‍ട്ടിഫിക്കറ്റുകള്‍</u>

*185 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇ-സര്‍ട്ടിഫിക്കറ്റുകള്‍ കേന്ദ്ര സര്‍ക്കാര്‍ ഓഫീസ് മേധാവികള്‍ ഉള്‍പ്പെടെയുള്ള വകുപ്പു മേധാവികള്‍ സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ ഇ- സര്‍ട്ടിഫിക്കറ്റുകള്‍ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രത്യേക നിര്‍ദ്ദേശം നല്‍കാന്‍ തയ്യാറാകുമോ ;

(സി) ഇലക്ട്രോണിക് സര്‍ട്ടിഫിക്കറ്റുകളുടെ സാധ്യത സംബന്ധിച്ച് 2000-ലെ ഐ.ടി. നിയമത്തിലും 2010 കേരള ഐ.ടി ചട്ടങ്ങളിലും 2012-ലെ ഐ.ടി. നയത്തിലും ഉള്ള വ്യവസ്ഥകള്‍ മേല്‍പ്പറഞ്ഞ ഉദ്യോഗസ്ഥമാരുടെ ശ്രദ്ധയില്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

<u>എജ്യൂസിറ്റി</u>

*186 ഡോ. കെ. ടി. ജലീൽ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പാണക്കാട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എജ്യൂസിറ്റി എന്ന സംരംഭത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് ഉദ്ദേശിന്നുന്നതെന്നും ഈ സ്ഥലം ഇപ്പോൾ ഏത് സർക്കാർ സ്ഥാപനത്തിന്റെ അധീനതയിലുള്ളതാണെന്നും വ്യക്തമാക്കുമോ;

(സി) എജ്യൂസിറ്റിക്കു വേണ്ടി പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിന് എന്ത് തുകയാണ് പാട്ടമായി നിശ്ചയിച്ചിട്ടുള്ളതെന്നും എത്ര വർഷമാണ് പാട്ടക്കാലാവധിയായി നിശ്ചയിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) എജൂസിറ്റിയുടെ മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള സംരംഭങ്ങൾക്ക് എത്ര ഏക്കർ വീതമാണ് ഭൂമി നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) സംരംഭകർക്ക് കൈമാറ്റം ചെയ്യുന്ന ഭൂമി പണയപ്പെടുത്തുന്നതിനും കൈവശാവകാശം നൽകുന്നതിനും വ്യവസ്ഥയുണ്ടോ;

(എഫ്) പദ്ധതി പ്രദേശത്ത് സർക്കാരിന്റെയോ മറ്റ് സർക്കാർ എജൻസികളുടേയോ ചെലവിൽ വൈദ്യുതിയും വെള്ളവും ലഭ്യമാക്കാൻ നിർദ്ദേശമുണ്ടോ;

(ജി) എജ്യൂസിറ്റിയിൽ സംരംഭങ്ങൾ തുടങ്ങാൻ ആരിൽ നിന്നെല്ലാം എത്ര നിർദ്ദേശങ്ങൾ ഇതുവരെ ലഭ്യമായി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന റവന്യൂ സമാഹരണം</u>

*187 ശ്രീ. ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന റവന്യൂ സമാഹരണം വർദ്ധിപ്പിക്കുന്നതിന് എൻഫോഴ്സ്മെന്റ് വിംഗുകളെ ശക്തിപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

വൈദ്യുതി വിതരണശൃംഖലയുടെ ശാക്തീകരണം

*188 ശ്രീ. കെ. അച്ചുതൻ
,, ബെന്നി ബഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപരിപാടികൾ എന്തെല്ലാം; വിശദാംശം അറിയിക്കുമോ;

(ബി) വിവിധ തരത്തിലുള്ള എത്ര സബ്സ്റ്റേഷനുകളാണ് പ്രസ്തുത ആവശ്യത്തിലേക്കായി സ്ഥാപിക്കാനുദ്ദേശിക്കുന്നത്;
വിശദാംശങ്ങൾ നൽകുമോ;

(സി) സബ് സ്റ്റേഷനുകളോടനുബന്ധിച്ചുള്ള ലൈനുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.03.2013–ലെ മറുപടിക്ക്

<u>മൾട്ടി ലെവൽ മാർക്കറ്റിംഗ്</u>

*189 ശ്രീ. ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൾട്ടി ലെവൽ മാർക്കറ്റിംഗ് രംഗത്തുള്ള പ്രശ്നങ്ങൾ പഠിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി നോഡൽ ഓഫീസറെയും കമ്മീഷണറേയും നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവയുടെ ചുമതലകളും കർത്തവ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) ഈ രംഗത്തുള്ള സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

<u>സഹകരണമേഖലയെ പ്രതികൂലമായി ബാധിക്കുന്ന നിലപാടുകൾ</u>

*190 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ. പി. ജയരാജൻ
,, ജി. സുധാകരൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണമേഖലയെ പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും നിലപാടുകൾ തിരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ സഹകരണമേഖലയ്ക്ക് പ്രതികൂലമായി തീർന്നിട്ടുള്ള നിലപാടുകൾ എന്തെല്ലാമാണെന്നാണ് കരുതുന്നത്;

(സി) കേന്ദ്രസർക്കാരും റിസർവ്വ് ബാങ്കും പ്രസ്തുത നിലപാടുകൾ സ്വീകരിക്കുന്നതിന് മുമ്പായി, സംസ്ഥാന സർക്കാർ ഇക്കാര്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയും സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം അറിയിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പാരമ്പര്യേതര ഈൗർജ്ജ സ്രോതസ്സുകൾ</u>

*191 ശ്രീ. സി. മമ്മൂട്ടി
'' എം. ഉമ്മർ
'' കെ. മുഹമ്മദുണ്ണി ഹാജി
'' കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് വൈദ്യുതോൽപാദനത്തിന് ഏതൊക്കെ സ്രോതസ്സുകളെയാണ് ഉപയോഗപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്രോതസ്സുകളിൽ നിന്നുള്ള ഉൽപാദനവും വിതരണവും തമ്മിലുള്ള അന്തരം എത്രയാണ്;

(സി) വൈദ്യുതി കമ്മി പരിഹരിക്കുന്നതിലേയ്ക്കായി എവിടെ നിന്നാണ് വൈദ്യുതി ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

പുതിയ വ്യവസായ സ്ഥാപനങ്ങൾ

*192 ശ്രീ. തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്നതിനും വ്യാവസായിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം

*193 ശ്രീ.ജോസഫ് വാഴക്കൽ
,, വി.ഡി.സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.03.2013–ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യ്ക്ക് സബ്സിഡി നിരക്കിൽ ഡീസൽ

*194 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യൂ റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ വികേന്ദ്രീകൃതമായി സബ്സിഡിയോടുകൂടിയ നിരക്കിൽ ഡീസൽ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടും കെ.എസ്.ആർ.ടി.സി അത്തരം നടപടിയിലേക്ക് പോകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) വിപണിയിലെ നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ ഡീസൽ വാങ്ങുമ്പോൾ കെ.എസ്.ആർ.റ്റി.സി യ്ക്ക് എത്ര രൂപ അധിക ബാധ്യത ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) വൻകിട ഉപഭോക്താക്കൾക്ക് സബ്സിഡി ഇല്ലാത്ത നിരക്കിലും സ്വകാര്യ ബസുടമകൾ അടക്കമുള്ളവർക്ക് സബ്സിഡിയോടു കൂടിയ കുറഞ്ഞ നിരക്കിലും ഡീസൽ നൽകുവാനുള്ള കേന്ദ്ര നയത്തോടു സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ആയതിന്മേൽ കേന്ദ്ര സർക്കാർ എന്തു സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര ചിട്ടി നിയമം</u>

*195 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, റ്റി.എ. അഹമ്മദ് കബീർ
,, പി.ബി. അബ്ദുൾ റസാക്
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടി നിയമം നിലവിൽ വന്ന സാഹചര്യത്തിൽ കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസിന് ചിട്ടി ഇതര ബിസിനസ് നടത്താൻ നിയമതടസ്സം നേരിടുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രശ്ന പരിഹാരത്തിന് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ യുടെ കീഴിൽ സബ്സിഡിയറി കമ്പനി രൂപീകരിച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കായംകുളം താപനിലയത്തിന്റെ വിപുലീകരണം</u>

*196 ശ്രീ. എ. പ്രദീപ്കുമാർ
,, കോടിയേരി ബാലകൃഷ്ണൻ
,, സി. കെ. സദാശിവൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിൽ നിന്ന് ഇപ്പോൾ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പ്രസ്തുത വൈദ്യുതി ഉല്പ്പാദിപ്പിക്കുന്നതിന് യൂണിറ്റിന് എത്ര രൂപ ചെലവ് വരുന്നുണ്ട്;

(ബി) കായംകുളം താപനിലയത്തിന്റെ വിപുലീകരണത്തിലൂടെ പ്രവൃത്തികൊണ്ട് എത്ര മെഗാവാട്ടിലേക്കാണ് ഉല്പാദനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ആർ.എൽ.എൻ.ജി. ഉപയോഗിക്കുമ്പോൾ യൂണിറ്റിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രതീക്ഷിച്ച നിലയിൽ കായംകുളം താപനിലയത്തിന്റെ വിപുലീകരണം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുളള കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയിലേക്കുളള ഗ്യാസ് പൈപ്പ്ലൈൻ നിർമ്മാണം തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ ജി. പി. എസ്. സംവിധാനം</u>

*197 ശ്രീ. പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ പ്രത്യേകതയും നേട്ടവും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തു തുക ചെലവാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

'ആശ്വാസ് പദ്ധതി-2012'

*198 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ആശ്വാസ് പദ്ധതി-2012'ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സഹകരണ സംഘങ്ങളിൽനിന്ന് വായ്പ എടുത്തവർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോടി രൂപയുടെ ഇളവുകൾ നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 26.03.2013–ലെ മറുപടിക്ക്

നൈപുണ്യവികസന വായ്പ പദ്ധതി

*199 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. നൈപുണ്യ വികസന വായ്പ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അണക്കെട്ടുകളുടെ സുരക്ഷ</u>

*200 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എ. കെ. ബാലൻ
,, കെ. സുരേഷ് കുറുപ്പ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെ ഭാഗമായുള്ള അണക്കെട്ടുകളുടെ റിഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അണക്കെട്ടുകളുടെ സുരക്ഷാപദ്ധതിക്ക് ലോകബാങ്ക് സഹായം ലഭിക്കുന്നുണ്ടോ;

(സി) പ്രസ്തുത ആവശ്യത്തിലേക്കായി നടപ്പുവർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി; അർഹതയുണ്ടായിരുന്ന തുക എത്രയെന്നറിയിക്കുമോ;

(ഡി) സംസ്ഥാനബജറ്റിൽ ഇതിനായി വകയിരുത്തിയിരുന്ന തുക എത്ര കോടിയായിരുന്നു; ആയതിൽ ചെലവഴിക്കപ്പെട്ടതെത്ര; വിശദവിവരം നൽകുമോ;

(ഇ) ഈ വർഷം ഏതെല്ലാം അണക്കെട്ടുകളുടെ സുരക്ഷയ്ക്കായി എന്തെല്ലാം പ്രവൃത്തികൾ നടത്തി; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ ചെലവായ തുക എത്രയെന്നറിയിക്കുമോ;

(എഫ്) സുരക്ഷാപരിശോധന ആവശ്യമായ അണക്കെട്ടുകൾ ഏതൊക്കെയാണെന്നറിയിക്കുമോ?

# കേരള നിയമസഭ
# 26.03.2013–ലെ മറുപടിക്ക്

## വാഹനങ്ങൾക്ക് ഹരിത സെസ്

*201 ശ്രീ. ചിറ്റയം ഗോപകുമാർ
,, വി.എസ്. സുനിൽ കുമാർ
,, വി. ശശി
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങൾക്ക് ഹരിത സെസ് ചുമത്തണമെന്ന് ഇ.ശ്രീധരൻ അദ്ധ്യക്ഷനായുള്ള ആസൂത്രണബോർഡ് ഉപസമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഈ സമിതിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>സൗരോർജ്ജ പാനലുകളുടെ ഉല്പാദനശേഷി</u>

*202 ശ്രീ. കെ. എം. ഷാജി
,, സി. മമ്മൂട്ടി
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ പാനലുകളുടെ ഊർജ്ജോല്പാദനശേഷി വർദ്ധിപ്പിക്കാനുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ കീഴിൽ എവിടെയെങ്കിലും നടക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നല്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ മറ്റേതെങ്കിലും രാജ്യം കൂടുതൽ കാര്യക്ഷമമായ ടെക്നോളജി വികസിപ്പിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള വൈദ്യുത പദ്ധതികൾ

*203 ശ്രീ. ബി. ഡി. ദേവസ്സി
,, എ. കെ. ബാലൻ
,, ബാബു. എം. പാലിശ്ശേരി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വൈദ്യൂത പദ്ധതികൾക്കാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത അനുമതിക്കുവേണ്ടി അപേക്ഷിച്ചവയിൽ താപവൈദ്യുത നിലയങ്ങൾ ഉൾപ്പെടുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും അനുമതി നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വ്യവസായ ആവശ്യത്തിനായി അനുവദിച്ച ഭൂമി</u>

*204 ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കെ. സദാശിവൻ
,, പുരുഷൻ കടലുണ്ടി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ ആവശ്യത്തിനായി അനുവദിച്ച ഭൂമിയിൽ നിശ്ചിത കാലാവധിക്കു ശേഷവും വ്യവസായം തുടങ്ങാത്തവരിൽ നിന്നും ഭൂമി തിരിച്ചെടുക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച മന്ത്രിസഭ തീരുമാനമനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(സി) ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഇതിനകം നോട്ടീസ് നൽകിയെന്നും ഈ സ്ഥാപനങ്ങൾക്കെതിരായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) നിശ്ചിത കാലാവധിക്കുശേഷം ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഉത്തരവിറക്കുന്നതിനും ഭൂമി സർക്കാരിന്റെ ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പദ്ധതി വിനിയോഗം</u>

*205 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമ്പത്തിക വര്‍ഷത്തിന്റെ അവസാനം കൂട്ടത്തോടെ പദ്ധതി തുക ചെലവഴിക്കുന്ന കാര്യത്തില്‍ എന്തെങ്കിലും പുതിയ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) യഥാസമയം പദ്ധതി നിര്‍വഹിക്കാന്‍ കഴിയാതെ പോയ സാഹചര്യം എന്തായിരുന്നു;

(സി) നടപ്പു സാമ്പത്തിക വര്‍ഷം ഇതുവരെയായി എത്ര ശതമാനം തുക ചെലവഴിച്ചുവെന്നും, അവശേഷിക്കുന്ന കാലയളവില്‍ എത്ര ശതമാനം കൂടി വിനിയോഗിക്കാന്‍ സാധിക്കുമെന്നും വിശദമാക്കാമോ;

(ഡി) തദ്ദേശസ്ഥാപനങ്ങള്‍ക്ക് പഞ്ചവത്സരപദ്ധതി ഏര്‍പ്പെടുത്തിയാല്‍ പദ്ധതി വിഹിതം കൂടുമെന്ന വിലയിരുത്തല്‍ നടത്തിയിരുന്നോ;

(ഇ) എങ്കില്‍ ഇക്കാര്യത്തില്‍ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ;

(എഫ്) പദ്ധതി തുക ചെലവഴിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്ന സി ആന്റ് എ.ജി.യുടെ പരാമര്‍ശത്തിന്റെ അടിസ്ഥാനത്തില്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ജി) സാമ്പത്തിക വര്‍ഷത്തിന്റെ ഓരോ പാദത്തിലും ചെലവഴിക്കേണ്ട പദ്ധതി പണത്തിന് എന്തെങ്കിലും വ്യവസ്ഥ കൊണ്ടുവന്നിരുന്നോ; എങ്കില്‍ പ്രസ്തുത നിര്‍ദ്ദേശം എത്രത്തോളം പ്രാവര്‍ത്തികമാക്കിയെന്ന് വസ്തുതതകളിലൂടെ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

**അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി കെ.റ്റി.ഡി.എഫ്.സി. ലോൺ**

*206 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി വായ്പ നൽകുന്നതിനു പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതികളുമായി സഹകരിക്കുന്ന തെന്നു വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

<u>ഗ്രാമങ്ങളിൽ ഫ്ളാറ്റ് സമുച്ചയങ്ങൾ</u>

*207 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്ന പദ്ധതി ഗ്രാമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇതു നടപ്പാ
ക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം എന്തെല്ലാം?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>അനുബന്ധമേഖലയുടെ ശാക്തീകരണം</u>

*208 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങൾ ആശ്രയിക്കുന്ന അനുബന്ധമേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണു തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേകപദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പുത്തൻ അനുബന്ധവ്യവസായ യൂണിറ്റുകൾക്കുള്ള ധനസഹായത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
# 26.03.2013–ലെ മറുപടിക്ക്

<u>പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനു നടപടി</u>

*209 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് പദ്ധതികളുടെ ഭരണാനുമതി കാലതാമസം കൂടാതെ നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വികസന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

നിയമങ്ങളെക്കുറിച്ച് സാധാരണക്കാരിൽ
അവബോധമുണ്ടാക്കാൻനടപടി

*210 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. കെ. ബഷീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമങ്ങളെക്കുറിച്ച് വിശിഷ്യ സാമൂഹ്യ അച്ചടക്കം സംബന്ധിച്ച നിയമങ്ങളെക്കുറിച്ച് സാധാരണക്കാരിൽ അവബോധമുണ്ടാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിയമങ്ങൾ സാമൂഹ്യ നന്മയ്ക്കുവേണ്ടിയാണെന്ന് സാധാരണക്കാരെ ബോദ്ധ്യപ്പെടുത്താനും, അവർക്ക് നിയമങ്ങൾ കൂടുതൽ പരിചിതമാക്കാനും നിലവിലെ നിയമങ്ങൾ കൂടുതൽ ലളിതവും സുതാര്യവും ആക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

(സി) സാധ്യമാവുന്നിടത്തോളം നിയമങ്ങൾ ലളിതമായി മലയാളത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 17.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].